**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1048** **06-10-2021 - ൽ മറുപടിയ്ക്ക്**

**കടൽ രക്ഷാ സ്ക്വാഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യതൊഴിലാളികളെ ഉൾപ്പെടുത്തി കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽ രക്ഷാ പ്രവർത്തനങ്ങളും മറ്റു ദുരന്ത നിവാരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതി നായി കേരളത്തിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയമിക്കുന്നതിനായി 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗോവ ആസ്ഥാന മായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. 15 ദിവസം വീതമാണ് ട്രെയിനിംഗ്. ഇതുവരെ 15 ബാച്ചുകളി ലായി ഒൻപത് തീരദേശ ജില്ലകളിൽ നിന്നും 612 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു. കോവിഡ് 19 സാഹചര്യത്തിൽ ട്രെയിനിംഗ് മാറ്റി വച്ചിരിക്കുകയാണ്. കടൽ സുരക്ഷാ സ്ക്വാഡിലെ മത്സ്യബന്ധന യാനങ്ങൾക്ക് നൽകുന്ന സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര സ്ക്വാഡുകളാണ് രൂപീകരിച്ചിട്ടുള്ളത്; ഇവർക്ക് വകുപ്പ് തലത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ നിലവിൽ 10 മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ സ്ക്വാഡിലേക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് യൂണിഫോം, യാനത്തിലേക്ക് ആവശ്യമുള്ള വാർത്താ വിനിമയ ഉപകരണങ്ങൾ, ഡിസ്ട്രെസ്സ് അലെർട് ട്രാൻസ്മിറ്റർ, ജിപിഎസ്, ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, ടോർച്, മറ്റ് അത്യാവശ്യ സുരക്ഷാ ഉപകരണങ്ങൾ എന്നിവ വകുപ്പിൽ നിന്നും വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ